## 14-ാം കേരള നിയമ സഭ

## 13-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2231** **05.12.2018 -ൽ മറുപടിയ്ക്ക്**

### മഞ്ചേരി മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) മഞ്ചേരി മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ നിന്നും 18/10/2017-ൽ സർക്കാരിലേക്ക് അയച്ച ശുപാർശ (file No. NC 16253/16/മെ.വി.വ) യുടെ ഇപ്പോഴത്തെ അവസ്ഥ നടപ്പ് ഫയൽ നമ്പർ സഹിതം വിശദമാക്കുമോ;<br>(ബി) അടിയന്തരമായി പ്രസ്തുത തസ്തിക അനുവദിച്ച് നിയമനം നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും<br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെ 49 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ലഭ്യമാക്കിയ പ്രൊപ്പോസൽ, പ്രളയ ദുരിതാശ്വാസത്തിന്റെ പശ്ചാത്തലത്തിൽ പുന:പരിശോധിച്ച് അവശ്യം വേണ്ട തസ്തികകളുടെ വിശദാംശങ്ങൾ മാത്രം ഉൾപ്പെടുത്തി പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ 25.09.2018-ലെ എസ്3/16/2016-ആരോഗ്യം നമ്പർ സർക്കാർ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ധനവകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**